ശ്രീ. ദാമോദരൻ കാളാശ്ശേരി: ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാണെങ്കിലോ അതല്ലെങ്കിൽ മറ്റെന്തെങ്കിലും പ്രശ്നങ്ങളോ ഉണ്ടെങ്കിൽ അതു പരിശോധിച്ചു നടപടികൾ എടുത്തുവരികയാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ബ്ലോക്കുകളിൽ കൊണ്ടുപോയി ഹരിജനങ്ങളെയും കൃഷിക്കാരെയും പഠിപ്പിക്കുവാൻവേണ്ടി എത്രതുക ചെലവഴിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനു പ്രത്യേക ചോദ്യം വേണം.

ഹരിജൻ കോളനികളിലേക്കുള്ള റോഡുകൾ

* 164 [177] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കോളനികളിലേക്കുള്ള എത്ര റോഡുകളുടെ പണി ഈ വർഷം ആരംഭിച്ചു;

(ബി) ഇതിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തിയായി;

(സി) ഏതെങ്കിലും ഹരിജൻ കോളനികളിലേക്കുള്ള റോഡുകൾ ഇനിയും പണി ആരംഭിക്കാത്തതായി ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ പണികൾ ഉടനെ ആരംഭിക്കുമോ ?

മരാമത്തും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) 13.

(ബി) പണി പൂർത്തിയായിട്ടില്ല.

(സി) ഉണ്ട്.

(ഡി) പ്രാരംഭനടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ: ഹരിജൻ കോളനികളിലേയ്ക്കുള്ള റോഡുകൾക്ക് സ്ഥലം എടുക്കുന്നതിനെ സംബന്ധിച്ച് തർക്കങ്ങളുണ്ടാകുകയും കോടതികളിലേയ്ക്കു പോകുകയും എട്ടും പത്തും വർഷങ്ങളായി കോടതിയിൽ കേസ്സുകൾ കിടക്കുകയും ചെയ്യുന്നതുകൊണ്ടു് ഹരിജൻ കോളനികളിലേയ്ക്കു യാത്ര ചെയ്യാൻ സൗകര്യമില്ലെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ഏതെങ്കിലും കേസ്സിൽ നടപടിയെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പങ്കജാക്ഷൻ: ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ വൈഷമ്യം അനുഭവിക്കുകയുമാണ്.

ശ്രീ. എം. കെ. കേശവൻ: ഇത്തരം കേസ്സുകളിൽ തീരുമാനമെടുക്കുവാൻ ജില്ലാകളക്ടർമാരെ അധികാരപ്പെടുത്തിയാൽ നെഗോഷ്യേറ്റു ചെയ്തു തീരുമാനമെടുക്കുവാൻ കഴിയുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ: അങ്ങനെ നിർദ്ദേശം നൽകാൻ കഴിയുകയില്ല. ഇന്നത്തെ സാഹചര്യത്തിൽ ജില്ലാ കളക്ടർമാർക്ക് അതു ചെയ്യാൻ കഴിയുമെന്നും ഞാൻ കരുതുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: 13 റോഡുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ 13 റോഡുകളിൽ മലപ്പുറം ജില്ലയിലെ ഏക ഗിരിവർഗ്ഗ കോളനിയായ ഷോക്കോട് കോളനിയിലേക്കുള്ള റോഡും ഉൾപ്പെടുമോ; ഇല്ലെങ്കിൽ അതിന്റെ പ്രവൃത്തികൂടി തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: മഞ്ചേരി ഡിവിഷനിൽ കേരളദാസപുരം ഹരിജൻ കോളനിയിലേയ്ക്കുള്ള അപ്രോച്ച് റോഡ്, ഇലയത്ര ഹരിജൻ കോളനിയിലേയ്ക്കുള്ള അപ്രോച്ച് റോഡ്, തുപഹരിജൻ കോളനി റോഡിനുള്ള അപ്രോച്ച് റോഡ്, ഞാറക്കാട്ടിൽ ഹരിജൻ കോളനി റോഡിനുള്ള അപ്രോച്ച് റോഡ്, നെടിയിരുപ്പ് ഹരിജൻ കോളനി റോഡിനുള്ള അപ്രോച്ച് റോഡ് എന്നീ പണികൾ നടക്കുന്നുണ്ട്.

ശ്രീ. പി. പി. എസ്തോസ്: എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും വാർഷിക അലോട്ടുമെന്റിൽ 10 ശതമാനം ഹരിജൻ കോളനികൾക്ക് വെള്ളം, വെളിച്ചം, റോഡ് മുതലായവയ്ക്ക് നീക്കിവയ്ക്കണമെന്നുണ്ട്. എന്നാൽ അതു നോട്ടിഫൈഡ് കോളനികൾക്കും ലഭിക്കുന്നില്ല. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തും ലഭിക്കുന്നില്ല. നോട്ടിഫൈഡ് കോളനികൾക്കുള്ള ആനുകൂല്യം ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തേക്കുകൂടി ലഭ്യമാക്കാൻ, 10 ശതമാനത്തിന്റെ ബെനിഫിറ്റ് എക്സ്റ്റൻറു ചെയ്യാൻ ഓർഡറുണ്ടോ; ഇല്ലെങ്കിൽ അതിനു ഉത്തരവുപുറപ്പെടുവിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ പരിശോധിച്ചിട്ടാണ് കോളനിയായി നോട്ടിഫൈ ചെയ്യുന്നത്. എന്തു കാരണം കൊണ്ടാണ് ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ കോളനിയായി നോട്ടിഫൈ ചെയ്യാത്തതെന്ന് എനിക്കു അറിയുകയില്ല. ഇത്തരം പ്രദേശങ്ങളിൽ ഹരിജനങ്ങൾ അധികമായി താമസിക്കുന്നുണ്ടെന്നു ബോധ്യപ്പെട്ടാൽ അങ്ങനെയുള്ള പ്രദേശങ്ങൾക്കുകൂടി ഈ സ്കീമിന്റെ പ്രയോജനം ലഭ്യമാക്കാൻ വിരോധമില്ല. അതിനു നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: 13 കോളനികളിലേയ്ക്കുള്ള റോഡിന്റെ ലിസ്റ്റിൽ കണ്ണൂർ ജില്ലയിലെ ചേറ്റുപെട്ടി–പടിയൂർ റോഡുണ്ട്. ഈ റോഡിനുവേണ്ടി എത്ര ലക്ഷം രൂപയാണ് ചെലവാക്കാനുള്ളതെന്നു പറയാമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: ജനറൽ സെക്ടർ സ്കീമിലും ജനറൽ ബഡ്ജറ്റിലും പെട്ട ഈ പണികൾക്ക് ഏതാണ്ടു ഒരു കോടി രൂപയോളം ചെലവാക്കാൻ കഴിയണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പദ്ധതിച്ചെലവിന്റെ 10 ശതമാനം ഹരിജനങ്ങൾക്കുവേണ്ടി ചെലവഴിക്കണമെന്നാണ് വ്യവസ്ഥ. പി. ഡബ്ളിയു. ഡിപ്പാർട്ടുമെന്റിൽ 10 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതിനെ സംബന്ധിച്ച് ഓരോ സാമ്പത്തിക വർഷാവസാനത്തിലും റവന്യൂ നടത്താറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: റവന്യൂ നടത്താറുണ്ട്. അതിന്റെ വിശദാംശങ്ങൾ എന്റെ കൈവശമില്ല. എന്നാൽ അതാതു ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടോ, നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: 13 റോഡുകളിൽ ഗിരിവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകൾകൂടി ഉൾപ്പെടുമോ; അതോ ഹരിജൻ കോളനികളിലേയ്ക്കുള്ള റോഡുകൾ മാത്രമേ ഉള്ളോ ?

ശ്രീ. കെ. പങ്കജാക്ഷൻ: ഹരിജൻ കോളനികളിലേയ്ക്കും ഗിരിജൻ കോളനികളിലേക്കുമുള്ള റോഡുകളാണു ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ ഏതാണ്ടു 97 വർക്കുകൾ പുതുതായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തിലും അതിന്റെ മുമ്പിലത്തെ വർഷത്തിലും 250-ൽ ചിലപ്പോൾ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു. അതിൽ കഴിഞ്ഞ വർഷത്തിലും അതിന്റെ മുമ്പിലത്തെ വർഷത്തിലും ആയി 210 പ്രവൃത്തികൾ മുഴുമിപ്പിച്ചിട്ടുണ്ട്. ബാക്കി പണികൾ ഇക്കൊല്ലം ഏറ്റെടുത്തു നടത്തണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. പക്ഷേ ബഹുമാനപ്പെട്ട ശ്രീ. കേശവൻ സൂചിപ്പിച്ചതുപോലെ, റോഡുകൾ നിർമ്മിക്കാൻ ആവശ്യമായ ഭൂമി കിട്ടാൻ പല പ്രയാസങ്ങളുമുണ്ടാകും. പല ബഹുമാനപ്പെട്ട സാമാജികൻമാരും ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള പ്രവൃത്തികളായാലും, ഹരിജൻ–ഗിരിജനക്ഷേമവകുപ്പുകളിൽനിന്നു നിർദ്ദേശിച്ചിട്ടുള്ള പണികളായാലും പൊന്നുംവില നടപടികൾ ആവശ്യമാണെങ്കിൽ സാധാരണനിലയിൽ വർഷങ്ങൾ വേണ്ടിവരുന്നു എന്ന ദുഃഖസത്യം നമ്മുടെ മുന്നിലുണ്ട്. ജനറൽ സെക്രട്ടർസ്കീം കൊണ്ടുദ്ദേശിക്കുന്നത് ഹരിജന–ഗിരിജന കോളനികളിലേയ്ക്കു ഇപ്പോഴുള്ള റോഡുകൾ മെച്ചപ്പെടുത്തി എടുക്കുകയെന്നുള്ളതാണ്. തീരെ ഇടുങ്ങിയ പ്രദേശങ്ങളിൽ വൈഡൻ ചെയ്യുകയെന്നുള്ളതും ഉൾപ്പെടും. അവിടെ പൊന്നുംവിലനടപടികളാവശ്യമാണ്. സാധാരണ നിലയിൽ ഈ ആവശ്യങ്ങൾ ഉന്നയിക്കുന്ന ആളുകൾപോലും അന്യന്റെ പുരയിടത്തിൽ കൂടി കടന്നു പോകട്ടെ; എന്റെ പുരയിടത്തിൽ തൊടരുത് എന്ന ഒരു സമീപനമാണ് സ്വീകരിക്കുന്നത്. ഹരിജനങ്ങൾക്കുവേണ്ടി അമിതമായി വാദിക്കുന്നവരും ഇതേസമീപനമാണ് സ്വീകരിക്കുന്നത്. ഈ ദുർഗതി വരാതിരിക്കുവാൻ ബഹുമാനപ്പെട്ട മെമ്പർമാർകൂടി സഹകരിച്ചാൽ ഈ കോളനികളിലേക്ക് ആവശ്യമായ റോഡുകളുടെ പ്രവർത്തി വളരെ വേഗം ഏറ്റെടുത്തു നടപ്പിലാക്കാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: പ്ലാവട്ടി–നെയ്യാർഡാം റോഡിനു ആവശ്യമായ സ്ഥലം വനംവകുപ്പിൽനിന്നും ലഭിച്ചിട്ടും കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്താണ്?

ശ്രീ. കെ. പങ്കജാക്ഷൻ: ഈ വസ്തുത ഇതേവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയ നിലയ്ക്ക് അടിയന്തിരമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഈച്ചരൻ: ഈ റോഡുകൾ നിർമ്മിക്കുവാൻ ഹരിജൻവെൽ ഫെയർ ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്നും പി. ഡബ്ലിയു. ഡി. എന്തു തുക ചെലവാക്കുന്നുണ്ടെന്നും പറയാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഹരിജനക്ഷേമവകുപ്പിൽനിന്നും ഈ ആവശ്യത്തിലേക്കു ഒരു പൈസയും നീക്കിവച്ചിട്ടില്ല. മരാമത്തു വകുപ്പിലേക്കു നീക്കിവയ്ക്കുന്ന തുകയിൽനിന്നും ഹരിജന-ഗിരിജന കോളനികളിലേയ്ക്കുള്ള റോഡുകൾക്കായി ചെലവാക്കുന്നതാണ്.

ആദിവാസികളുടെ കുട്ടികൾക്കു നൽകുന്ന ലംപ്സം ഗ്രാൻറ്

* 165 [178] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ കുട്ടികൾക്ക് അനുവദിച്ചിരിക്കുന്ന ലംപ്സം ഗ്രാൻറ് എല്ലാ മാസത്തിലും നൽകുന്നതിൽ വീഴ്ച വരുത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അനുവദിച്ചു കൊടുക്കുന്ന ലംപ്സം ഗ്രാൻറ് അതാതു മാസത്തിൽതന്നെ കിട്ടുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഹരിജനക്ഷേമ-സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ ദാമോദരൻ കാളാശ്ശേരി):

(എ) ലംപ്സം ഗ്രാൻറ് കൊല്ലത്തിൽ ഒരിക്കൽ മാത്രമേ കൊടുക്കുകയുള്ളു. സ്റ്റൈപ്പൻറാണ് മാസം തോറും കൊടുക്കുന്നത്. സ്റ്റൈപ്പൻറ് യഥാസമയം കിട്ടുന്നില്ലെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. എൻ. യൂസഫ്: പാലക്കാടു ജില്ലയിലെ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ലംപ്സം ഗ്രാൻറ് 1978-ലേതുപോലും കൊടുക്കാതെ ബാക്കി നിൽക്കുന്നു. അതിനുവേണ്ട സ്റ്റാഫില്ലെന്നാണ് പറയുന്നത്. അതുകൊണ്ട് കൂടുതൽ സ്റ്റാഫിനെ നിശ്ചയിച്ച് ഈ ഗ്രാൻറ് വളരെ വേഗം കിട്ടാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അങ്ങനെ പ്രത്യേകമായ പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും അതിൻെറമേൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ് കൊടുക്കാനുള്ള ഏർപ്പാടു ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly